## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 2330 20/06/2012 - ൽ മറുപടിക്ക്.

# പൊന്നാനി-കനോലി കനാൽ കരസംരക്ഷണ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പൊന്നാനി മണ്ഡലത്തിലൂടെ കടന്നു പോകുന്ന കനോലി കനാലിന്റെ കര സംരക്ഷിക്കുന്ന പദ്ധതി പാതിവഴിയിൽ മുടങ്ങികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന ജോലികൾക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തി തുടങ്ങാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ ; | : | (ബി) അവശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിയ്ക്കായി ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നുവെങ്കിലും ആയതിലെ ചില ന്യൂനതകൾ പരിഹരിച്ച് വീണ്ടും സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയ (ജലസേചനവും ഭരണവും) റോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) കനാലിന്റെ ഇരുകരകളും സംരക്ഷിക്കാനുള്ള പില്ലർ, സ്ലാബ് എന്നിവ വർഷങ്ങളായി നിർമ്മിച്ച് വിവിധ സ്ഥലങ്ങളിൽ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : | (സി) ഉണ്ട്. |
| (ഡി) എങ്കിൽ ഇവ ഉപയോഗപ്പെടുത്തി എത്രയും വേഗം പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ? | : | (ഡി) നിലവിലുള്ള പൈപ്പുകളും, സ്ലാബുകളും ഉപയോഗപ്പെടുത്തി പ്രവൃത്തി പൂർത്തിയാക്കുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റാണ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സമർപ്പിച്ചിരുന്നത്. ന്യൂനതകൾ പരിഹരിച്ച് ചീഫ് എഞ്ചിനീയർ സമർപ്പിയ്ക്കുന്ന പരിഷ്ക്കരിച്ച എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ